**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3161** **07-11-2019 ൽ മറുപടിക്ക്**

**പട്ടയഭൂമി ഏറ്റെടുക്കുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. കെ. ആൻസലൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വെള്ളായണിക്കായലിന്റെ ജല വിതാനത്തിൽ അടിയിൽപ്പെട്ടുപോയ പട്ടയഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 13/06/2017-ലെ B3/9458/16 നമ്പർ പ്രകാരം ചേർന്ന യോഗ തീരുമാനത്തിൽ നാളിതുവരെ എടുത്ത നടപടി എന്തെന്ന് വിശദമാക്കാമോ; | (എ) വെള്ളായണിക്കായലിന്റെ ജല വിതാനത്തിൽ അടിയിൽപ്പെട്ടുപോയ പട്ടയഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 16.05.2017 ന് ചേർന്ന യോഗത്തിന്റെ മിനിട്ട്സ് 13.06.2017 ലെ ബി3-9458/16/റവ നമ്പർ കത്ത് പ്രകാരം ലഭ്യമായതിൻ പ്രകാരം ജില്ലാ കളക്ടർ സ്ഥലം സർവ്വെ ചെയ്ത് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജല വിഭവ വകുപ്പിന് ലഭ്യമാക്കുവാൻ തീരുമാനിച്ചിരുന്നു. അത് പ്രകാരം, സർവ്വേ നടപടികൾ പൂർത്തിയാക്കി ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പേര് വിവരം ജലവിഭവ വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ബി) ഭൂമി ഏറ്റെടുക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും; സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ബി) ന്യായമായ വില നൽകി ഭൂമി ഏറ്റെടുക്കുന്നതിന് ജല വിഭവ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. ഭരണാനുമതി ലഭ്യമാകാത്തതിനാൽ വില നിർണ്ണയിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**